## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.1905** **11/02/2020-ൽ മറുപടിയ്ക്ക്**

**സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി.എ.റഹീം** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ കുന്നമംഗലത്ത് പ്രവർത്തിച്ചുവരുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കുന്നമംഗലത്ത് പ്രവർത്തിക്കുന്ന കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സ് ആയി Integrated Msc.Ph.D പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ പ്രോഗ്രാമിന്റെ നിയമാവലിയും പാഠ്യപദ്ധതിയും കാലിക്കറ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ അനുമതി ലഭിച്ചാലുടൻ ഈ പ്രോഗ്രാം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ തുടങ്ങുന്നതാണ്. |
| (ബി) | പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ സ്വാശ്രയ മേഖലയിലാണോ നടത്താൻ ഉദ്ദേശിക്കുന്നത്; എത്ര പേർക്ക് പ്രവേശനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയതായി ആരംഭിക്കുന്ന Integrated Msc.Ph.D പ്രോഗ്രാം സ്വാശ്രയ മേഖലയിൽ അല്ല നടത്താൻ ഉദ്ദേശിക്കുന്നത്. Integrated Msc.Ph.D പ്രോഗ്രാമിലേക്ക് ഒരു വർഷം 12 വിദ്യാർത്ഥികൾക്കുവരെ പ്രവേശനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് കാലിക്കറ്റ് സർവ്വകലാശാലയുടെ അന്തിമാനുമതിക്കു വിധേയമായിട്ടായിരിക്കും. |

**സെക്ഷൻ ഓഫീസർ**